13. ഫയർമെൻ തസ്തികയിലെ പി.എസ്.സി റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നത് സംബന്ധിച്ച്

ശ്രീ. എ. കണാരൻ: സർ, കേരളത്തിൽ പി.എസ്.സി പരീക്ഷ നടത്തി തയ്യാറാക്കിയ ഫയർമെൻ റാങ്ക് ലിസ്റ്റിന്റെ കാലാവധി ഏപ്രിൽ 12-ന് അവസാനിക്കുകയാണ്. 1996 ഏപ്രിൽ മാസം 12-നാണ് ഈ റാങ്ക് ലിസ്റ്റ് നിലവിൽ വന്നത്. ഇതിനുവേണ്ടി അപേക്ഷ ക്ഷണിച്ചത് 1991-ലാണ്. ചരിത്രത്തിലാദ്യമാണ് ഫയർമെൻ തസ്തികയിലേക്ക് പരീക്ഷ പി.എസ്.സി നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കിയത്. 1991-ൽ അപേക്ഷ നൽകിയപ്പോൾ തന്നെ 35 വയസ്സായിരുന്ന ഉദ്യോഗാർത്ഥികളുടെ അവസ്ഥ വളരെ ദയനീയമാണ്. മഴ കാത്ത് കഴിയുന്ന വേഴാമ്പലിനെപ്പോലെ ഒരു ജോലിക്കുവേണ്ടി കാത്തിരുന്നിട്ട് എല്ലാം നഷ്ടപ്പെട്ട അവസ്ഥയിലേയ്ക്കുള്ള പോക്ക് ആലോചിക്കാൻ പോലും ആകുന്നില്ല. ഇനി ഒരു ടെസ്റ്റ് എഴുതാനോ, റാങ്ക് ലിസ്റ്റിൽ കടന്നു കൂടാനോ കഴിയുമെന്ന് യാതൊരു പ്രതീക്ഷയുമില്ലാത്ത ഹതഭാഗ്യൻമാരെ രക്ഷിക്കണം. ഗവൺമെന്റിന്റെ നയപ്രഖ്യാപനത്തിൽ പറഞ്ഞതനുസരിച്ച് പുതുതായി ഉണ്ടാക്കാൻ വേണ്ടി പോകുന്ന ഫയർസ്റ്റേഷനുകളിലേക്ക് ആവശ്യമുള്ള ഉദ്യോഗസ്ഥൻമാർ ജോലിക്ക് അഡ്വൈസ് മെമ്മോ നൽകിയിട്ടും ജോലിയിൽ പ്രവേശിക്കാത്തവരുടെ ഒഴിവിലേക്ക് നിയമിക്കപ്പെടാവുന്നവർ, മറ്റു ഉയർന്ന ഉദ്യോഗങ്ങൾ ലഭിച്ചു പോയവരുടെ ഒഴിവിലേക്ക് നിയമിക്കപ്പെടാവുന്നവർ, റിട്ടയർ ചെയ്യുന്നവരുടേയും ഉദ്യോഗകയറ്റം കിട്ടി പോകുന്നവരുടേയും ഒഴിവിലേക്ക് നിയമിക്കപ്പെടാവുന്നവർ, ഇവരുടെ ഒക്കെ കണക്കെടുത്ത്, 1991 ഏപ്രിൽ 11 വരെയുള്ള കണക്കെടുത്തു നോക്കിയാൽ ഒരു വർഷത്തിനിടെ ഉണ്ടാകാനിടയുള്ളതെല്ലാം എടുത്തിട്ട് മൂന്നു ഷിഫ്റ്റ് സമ്പ്രദായം പരിഗണിക്കാൻ കഴിയുമെങ്കിൽ അതു കൂടി പരിഗണിച്ചു കണക്കാവുന്ന ഒഴിവുകളുടെ കണക്കെടുത്ത് 1999 ഏപ്രിൽ 12-ന് മുമ്പായി പി.എസ്.സിയെ അറിയിച്ച് ഈ ലിസ്റ്റിലുള്ള ചെറുപ്പക്കാരെ രക്ഷിക്കണമെന്ന് ഞാൻ വിനയപുരസ്സരം അഭ്യർത്ഥിക്കുന്നു. പി.എസ്.സി പരീക്ഷ ഇനിയും നടത്തി അതിന്റെ റാങ്ക് ലിസ്റ്റ് ഉണ്ടായി വരാനുള്ള കാലതാമസവും അതിനുവേണ്ടി വരുന്ന സാമ്പത്തിക ചെലവും മനുഷ്യാദ്ധ്വാനവും കണക്കിലെടുക്കുകയും ഈ റാങ്ക് ലിസ്റ്റ് നിലവിൽ വരുമ്പോൾ അഞ്ചു വർഷക്കാലം എടുക്കുമെന്നത് പരിഗണിക്കുകയും ചെയ്ത് ഇവരെ നിയമിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാനഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ): സർ, 1996 ഏപ്രിൽ മാസം നിലവിൽ വന്ന ഫയർമെൻ റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ നോൺ ജോയിനിംഗ് ഡ്യൂട്ടി ഉൾപ്പെടെ 1745 ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഫയർ ഫോഴ്സ് വകുപ്പിൽ നാളിതുവരെ ഉണ്ടായിരുന്ന റിട്ടയർമെന്റ്, പ്രൊമോഷൻ എന്നിവമൂലമുള്ള ഒഴുവുകളിലേക്കും പുതുതായി ഉണ്ടായ തസ്തികകളിലേക്കും പി.എസ്.സി ഫയർമാന്മാരെ അഡ്വൈസ് ചെയ്തിട്ടുണ്ട്. കൂടാതെ താഴെപറയുന്ന പുതുതായി അനുവദിച്ച 12 ഫയർ സ്റ്റേഷനുകളിലേയ്ക്ക് ആവശ്യമായ ഫയർമാന്മാരെ അഡ്വൈസ് ചെയ്തിട്ടുണ്ട്. (1) കഞ്ചിക്കോട്, (2) വർക്കല, (3) മാവേലിക്കര, (4) സുൽത്താൻബത്തേരി, (5) തളിപ്പറമ്പ്, (6) റാന്നി, (7) കാഞ്ഞങ്ങാട്, (8) ഈരാറ്റുപേട്ട, (9) പേരാമ്പ്ര, (10) കൂത്തുപറമ്പ്, (11) ആലത്തൂർ, (12) മട്ടന്നൂർ, എന്നീ സ്റ്റേഷനുകളിൽ ഈരാറ്റുപേട്ടയും പേരാമ്പ്രയും മാത്രമേ പ്രവർത്തനം

LIBRARY ARCHIVES Kerala Legislative Assembly

തുടങ്ങിയിട്ടുള്ളൂ. പരമാവധി ഫയർമാന്മാരെ ലിസ്റ്റിൽ നിന്നും എടുക്കുക എന്ന ഉദ്ദേശത്തോടെയാണ് ഇപ്രകാരം നടപടി എടുത്തിട്ടുള്ളത്. ബാക്കി 10 ഫയർ സ്റ്റേഷനുകളിലേക്കും കൂടി അഡ്വൈസ് ചെയ്ത് 240 ഫയർമാന്മാരുടെ വെരി ഫിക്കേഷൻ നടന്നു കൊണ്ടിരിക്കുകയാണ്. ഇതുവരെ 1145 ഒഴിവുകൾ നോൺ ജോയിനിംഗ് ഡ്യൂട്ടി ഉൾപ്പെടെ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 127 ഉദ്യോഗാർത്ഥികൾക്കുകൂടി ഇനിയും പി.എസ്.സി അഡ്വൈസ് ചെയ്യാനുണ്ട്. ഇതു കൂടാതെ മുക്കം ഫയർസ്റ്റേഷനിലേക്ക് 24 ഫയർമാന്മാരെ കൂടി അഡ്വൈസ് ചെയ്യാൻ പി.എസ്.സിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

മി. സ്പീക്കർ: ഇന്ന് ലാസ്റ്റ് ഡേറ്റാണ്. നീട്ടികൊടുക്കുന്നെങ്കിൽ ഇന്ന് കൊടുക്കണം. ഇന്ന് നിർദ്ദേശം കൊടുത്താൽ മാത്രമേ ആ ലിസ്റ്റിൽ നിന്നും ആളുകളെ എടുക്കാൻ പറ്റൂ. ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി, ഇന്ന് ലാസ്റ്റ് ഡേറ്റാണ്.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ): ഫയർ സ്റ്റേഷനി ലേക്ക് ഫയർമാന്മാരെ അഡ്വൈസ് ചെയ്യാൻ പി.എസ്.സി യോട് ആവശ്യപ്പെട്ട് കഴിഞ്ഞു.

മി. സ്പീക്കർ: അത് നോക്കിക്കൊണ്ടാൽ മതി. ഇന്ന് എഴുതിയാൽ മതി.

14. തിരുവനന്തപുരം ആർ.സി.സി.യിൽ പ്രൈവറ്റ് പേഷ്യന്റ്സ് ക്ലീനിക് ആരംഭിച്ചതിനെ തുടർന്നുള്ള പ്രശ്നങ്ങൾ

ശ്രീ. എം. മുരളി: സർ, മരണം കാത്ത് കിടക്കുന്ന നമ്മുടെ കാൻസർ രോഗികളുടെ അഭയ കേന്ദ്രമായ ആർ.സി.സിയെ ഒരു പഞ്ചനക്ഷത്ര ഹോട്ട ലായും, ഒരു പഞ്ചനക്ഷത്ര ആശുപത്രിയായും മാറ്റുന്ന ഡോക്ടർ കൃഷ്ണൻ നായരുടെ നടപടിക്ക് ചൂട്ടുപിടിക്കുന്ന ഈ ഗവൺമെന്റിന്റെ നിർഭാഗ്യകരമായ നിലപാട് 8 മാസങ്ങൾക്ക് മുമ്പ് ആരംഭിച്ചു. പ്രൈവറ്റ് പേഷ്യന്റ്സ് ക്ലിനിക് ആരംഭിച്ച് കഴിഞ്ഞാൽ പണക്കാരുടെ മാത്രം കേന്ദ്രമായി ആർ.സി.സി മാറും. പാവപ്പെട്ടവർക്ക് അവസാന നാളുകളിൽ, മരണത്തിന്റെ നാളുകളിൽ അവിടെ രോഗത്തിന് ചികിത്സയ്ക്ക് അഭയം തേടാൻ പോലും കഴിയാത്ത സാഹചര്യം ഉണ്ടാകുമെന്ന് രണ്ട് സന്ദർഭങ്ങളിൽ സബ്മിഷനിലൂടെ ഞാൻ ഇവിടെ പറഞ്ഞ പ്പോൾ അങ്ങ് പുച്ഛിച്ചു തള്ളി. ഞാൻ ഉൾപ്പെടെയുള്ള അപ്പുറത്തും ഇപ്പുറത്തു മുള്ള 90 എം.എൽ.എ മാരും മുഖ്യമന്ത്രിക്കും അങ്ങേയ്ക്കും കത്ത് തന്നപ്പോൾ അങ്ങ് ഡോക്ടർ കൃഷ്ണൻ നായർ എഴുതി തന്ന ഒരു മറുപടി ഞങ്ങൾക്ക് വിതരണം ചെയ്തുകൊണ്ട് ഈ നിർഭാഗ്യകരമായ നടപടിയെ പ്രൈവറ്റ് പേഷ്യന്റ്സ് ക്ലിനിക്കിനെ ന്യായീകരിക്കുവാൻ ശ്രമിച്ചു. 300 രൂപ കൊടുക്കാതെ ഒരു രോഗിയെ പരിശോധിക്കുകയില്ല. പ്രൈവറ്റ് പേഷ്യന്റ്സ് ക്ലിനിക്കിൽ വീണ്ടും ഏർപ്പെടുത്തിയ മറ്റൊരു തെറ്റായ നടപടി രണ്ടാഴ്ചയിലൊരിക്കൽ ഈ പാവപ്പെട്ട രോഗി വീണ്ടും പണം കൊടുത്ത് അത് പുതുക്കിയില്ലെങ്കിൽ ആ രോഗിക്ക് ചികിത്സ കൊടുക്കുകയില്ല. മഹാനായ അച്യുതമേനോൻ സ്ഥാപിച്ച കേരളത്തിലെ കാൻസർ രോഗികൾക്ക് ഒരു അഭയ-ആശ്രയ കേന്ദ്ര മായി മാറിയ, അവരുടെ അവസാന നാളുകളിൽ അവർക്ക് ആശ്വാസം പകർന്ന ആർ.സി.സിയെ തകർക്കുന്ന ഒരു നടപടി വീണ്ടും ഡോക്ടർ കൃഷ്ണൻ നായരും അങ്ങും ഇപ്പോൾ സ്വീകരിച്ചിരിക്കുകയാണ്. ഇവിടെ പ്രൈവറ്റ് പേഷ്യന്റ്സ് ക്ലിനിക്കിനെ ന്യായീകരിച്ച അങ്ങ് ഇതിനെയും ന്യായീ

LIBRARY ARCHIVES Kerala Legislative Assembly